<u>പതിമൂന്നാം കേരള നിയമസഭ</u>

<u>രണ്ടാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4269</u> <u>19/10/2011-ൽ മറുപടിയ്ക്ക്</u>

<u>ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രിയുടെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ജി.സുധാകരൻ : | ശ്രീ. ഷിബുബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രിയിൽ ഡോക്ടർമാർ ഉൾപ്പെടെ എത്ര ജീവനക്കാരാണുള്ളത് ; ഇവരുടെ തസ്തിക തിരിച്ച് അനുവദനീയമായ തസ്തികകളുടെയും, ഇപ്പോൾ ജോലി ചെയ്യുന്നവരുടേയും, ഒഴിവുള്ള തസ്തികകളുടെയും വിശദാംശം അറിയിക്കുമോ ; | (എ) ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) ഒഴിവുകൾ പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) ഇ.എസ്.ഐ. ആശുപത്രിയിൽ ആവശ്യമായ മരുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആവശ്യമായ മരുന്ന് എത്തിച്ച് രോഗികൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ; | (സി) ഇ.എസ്.ഐ. ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാണ്. മറിച്ചുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ഇ.എസ്.ഐ. ആശുപത്രി കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) ഹോസ്പിറ്റൽ ഡവലപ്പ്മെന്റ് കമ്മിറ്റികൾ വഴി ആശുപത്രി കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**ആലപ്പുഴ ഇ.എസ്.ഐ. ആശുപത്രിയിലെ സ്റ്റാഫ് വിവരം**

| തസ്തിക | അനുവദനീയമായ തസ്തിക | ഇപ്പോൾ ജോലി ചെയ്യുന്നവരുടെ എണ്ണം | ഒഴിവ് |
|---|---|---|---|
| 1. മെഡിക്കൽ സൂപ്രണ്ട് | 1 | 1 | - |
| 2. റസിഡന്റ് മെഡിക്കൽ ഓഫീസർ | 1 | 1 | - |
| 3. അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ | 8 | 6 | 2 |
| 4. സ്പെഷ്യലിസ്റ്റ് | 7 | 3 | 4 |
| 5. നഴ്സിംഗ് സൂപ്രണ്ട് | 1 | 1 | - |
| 6. ഹെഡ് നഴ്സ് | 4 | 4 | - |
| 7. സ്റ്റാഫ് നഴ്സ് | 19 | 15 | 4 |
| 8. ജൂനിയർ സൂപ്രണ്ട് | 1 | 1 | - |
| 9. ക്ലാർക്ക് | 6 | 6 | - |
| 10. ടൈപ്പിസ്റ്റ് | 1 | - | 1 |
| 11. പ്യൂൺ | 2 | 2 | - |
| 12. ഹോസ്പിറ്റൽ അറ്റൻഡന്റ് | 15 | 15 | - |
| 13. ധോബി | 1 | 1 | - |
| 14. കുക്ക് | 3 | 2 | 1 |
| 15. ഫാർമസിസ്റ്റ് | 2 | 2 | - |
| 16. ഡന്റൽ ഹൈജനിസ്റ്റ് | 1 | - | 1 |
| 17. റേഡിയോഗ്രാഫർ | 1 | 1 | - |
| 18. ലാബ് ടെക്നീഷ്യൻ | 1 | 1 | - |
| 19. എക്സ്റേ ടെക്നീഷ്യൻ | 1 | 1 | - |
| 20. നഴ്സിംഗ് അസിസ്റ്റന്റ് | 8 | 7 | 1 |
| 21. പ്ലംബർ | 1 | - | 1 |
| 22. ലാബ് അസിസ്റ്റന്റ് | 1 | 1 | - |
| 23. എക്സ്റേ അറ്റൻഡർ | 1 | 1 | - |